**ഉയിർപ്പുകാലം മൂന്നാം ഞായർ**

**യോഹ 14:1-14**

## ദൈവത്തിൽ ധാരാളം ഇടമുണ്ട്

റവ. ഡോ. ജോസഫ് മണവാളൻ

ആമുഖവും (1:1-8) അനുബന്ധവും (21:1-25) കൂടാതെ അടയാളങ്ങളുടെ പുസ്തകം (1:19-12:50) മഹത്വത്തിന്റെ പുസ്തകം (13:1-20:31) എന്നിങ്ങനെ രണ്ടു ഭാഗങ്ങളായി യോഹന്നാന്റെ സുവിശേഷത്തെ വിഭജിച്ചിരിക്കുന്നു. പരസ്യജീവിതകാലത്ത് അദ്ഭുതങ്ങളിലൂടെ പിതാവായ ദൈവത്തിന്റെ ആവിഷ്കരണമായി യേശു തന്നെത്തന്നെ വെളിപ്പെടുത്തുന്നതാണ് അടയാളങ്ങളുടെ പുസ്തകം. സഹന മരണ ഉത്ഥാനത്തിലൂടെ ദൈവത്തിന്റെ മഹത്വത്തിലേക്കുള്ള യേശുവിന്റെ കടന്നുപോകലാണ് മഹത്വത്തിന്റെ പുസ്തകത്തിലെ വിവരണം.

സുവിശേഷത്തിന്റെ ഈ ഘടനയിൽ മഹത്വത്തിന്റെ പുസ്തകത്തിലെ 13:1 മുതൽ 17:26 വരെയുള്ള ഭാഗത്തെ യേശുവിന്റെ വിടവാങ്ങൽ പ്രസംഗം എന്നാണ് വിശേഷിപ്പിക്കുക. യേശു തന്റെ ശിഷ്യസമൂഹത്തെ വിശുദ്ധീകരിക്കുന്നതും അവരുടെ കാലുകൾ കഴുകുന്നതും ആസന്നമായ തന്റെ വിടവാങ്ങലിന്റെ പശ്ചാത്തലത്തിൽ ശിഷ്യരെ ധൈര്യപ്പെടുത്തി ഒരുക്കുന്നതുമാണ് ഈ വചനഭാഗത്ത് വിവരിക്കുക.

വിടവാങ്ങലിന്റെ ഈ പശ്ചാത്തലത്തിൽ ദുഃഖിതരായ ശിഷ്യന്മാർക്ക് യേശു നല്കുന്ന ഉറപ്പും ഉപദേശവുമാണ് പതിനാലാം അധ്യായത്തിൽ കാണുക. യേശു വഴിയും സത്യവും ജീവനും എന്ന് ഉദ്ഘോഷിക്കുന്ന ഈ ഭാഗം പ്രധാനമായും താഴെ പരാമർശിക്കുന്ന ചിന്തകൾ അവതരിപ്പിക്കുന്നു. യേശു ശിഷ്യന്മാർക്ക് ഭവനം ഒരുക്കാൻ പിതാവിന്റെ അടുക്കലേക്കു പോകുന്നു, V1-4; യേശു പിതാവിലേക്കുള്ള വഴിയാണ്, V5-7; യേശുവും പിതാവും ഒന്നാണ്, V 8-11; യേശുവിന്റെ ദൗത്യം ഇനി ശിഷ്യന്മാരിലൂടെ പൂർത്തീകരിക്കപ്പെടും, V12-14.

### പിതാവിന്റെ ഭവനത്തിലെ വാസസ്ഥലങ്ങൾ

യോഹന്നാൻ 14:1-3 യേശു ശിഷ്യന്മാരെ ആശ്വസിപ്പിക്കുന്ന വാക്കുകളാണ്. യേശുവിന്റെ ആശ്വാസകരമായ വാക്കുകൾ പഴയനിയമത്തിന്റെയും യേശുവിന്റെ മറ്റ് പ്രബോധനങ്ങളുടെയും വെളിച്ചത്തിലാണ് മനസ്സിലാക്കേണ്ടത്.

പിതാവിന്റെ ഭവനം എന്നതിനെ സ്വർഗം എന്ന് വ്യാഖ്യാനിക്കുവാനാണ് പൊതുവെയുള്ള പ്രവണത. എന്നാൽ എന്റെ പിതാവിന്റെ ഭവനം സ്വർഗം അല്ല. കാരണം, മുഴുവൻ അധ്യായത്തിലും ഒരിക്കൽ പോലും സ്വർഗം പരാമർശിക്കപ്പെടുന്നില്ല. സ്വർഗത്തെ എന്റെ പിതാവിന്റെ ഭവനം എന്ന് ബൈബിൾ ഒരിടത്തും പരാമർശിക്കുന്നുമില്ല. അപ്പോൾ എന്താണ് പിതാവിന്റെ ഭവനം?

യോഹന്നാൻ 2:16-ൽ യേശു ദൈവാലയത്തെ എന്റെ പിതാവിന്റെ ഭവനം എന്ന് വിളിച്ചു. ദൈവാലയത്തിൽ ആരാധനയ്ക്കായി വരുന്ന വിശ്വാസികൾക്ക് സ്വകാര്യമായി മാർഗനിർദ്ദേശങ്ങൾ നല്കാനും പുരോഹിതന്മാർക്ക് ഉപയോഗിക്കാനുമായി നിരവധി വാസസ്ഥലങ്ങൾ ജറുസലേം ദൈവാലയത്തിന്റെ പുറം മതിലിനു ചുറ്റും നിർമ്മിച്ചിരുന്നു. ക്രിസ്തുവിനെ കേൾക്കുന്ന ആളുകൾക്ക് ദൈവാലയവുമായി പരിചയമുണ്ടായിരുന്നതിനാലാകാം പിതാവുമായുള്ള ബന്ധത്തെ ആ വാസസ്ഥലങ്ങളുമായി അവിടുന്ന് ബന്ധിപ്പിക്കുന്നത്.

പഴയനിയമത്തിന്റെ മുഴുവൻ വെളിപാടിന്റെയും പശ്ചാത്തലത്തിലാണ് യേശു സംസാരിക്കുന്നത്. പഴയനിയമത്തിൽ, കർത്താവിന്റെ ഭവനം അല്ലെങ്കിൽ വാസസ്ഥലം എന്നത്

വളരെയധികം സമ്പന്നമായ ഒരു ആശയമാണ്. ദൈവത്തിന്റെ സാന്നിധ്യം പ്രകടമാകുന്ന സ്ഥലം എന്നാണ് ഇതിന്റെ അർത്ഥം. പൊതുവേ, സങ്കീർത്തനങ്ങളിൽ ദൈവത്തിന്റെ ഭവനം അല്ലെങ്കിൽ വാസസ്ഥലം ജറുസലേമിലെ ആലയമാണ്. മറ്റ് സമയങ്ങളിൽ ഇത് മുഴുവൻ സൃഷ്ടിയെയും അല്ലെങ്കിൽ മുഴുവൻ പ്രപഞ്ചത്തെയും സൂചിപ്പിക്കുന്നു. ചില സങ്കീർത്തനങ്ങൾ ദൈവത്തെ നമ്മുടെ വാസസ്ഥലം എന്ന് വിശേഷിപ്പിക്കുന്നു. വാസസ്ഥലം എന്നതിലൂടെ യേശു ലക്ഷ്യം വയ്ക്കുന്ന കേന്ദ്രഅർത്ഥം ഇതാണ്: ദൈവത്തിൽ ധാരാളം ഇടമുണ്ട്.

ദൈവം എവിടെയായിരുന്നാലും, അവന്റെ സാന്നിധ്യം പ്രകടമാവുകയും അവന്റെ ഹിതം നിറവേറ്റപ്പെടുകയും ചെയ്യുന്നിടത്തെല്ലാം ദൈവത്തിന്റെ ഭവനം അല്ലെങ്കിൽ വാസസ്ഥലം എന്നതാണ് വസ്തുത. യേശു തന്റെ പല പ്രഭാഷണങ്ങളിലും ഇത് സൂചിപ്പിക്കുന്നുണ്ട്.

**ഞാൻ നിങ്ങൾക്കായി സ്ഥലം ഒരുക്കാൻ പോകുന്നു**

ഈ വാക്യം പുറപ്പാട് 23:20–ൽ ഇസ്രായേലിനോടുള്ള ദൈവികവാഗ്ദാനത്തെ പ്രതിധ്വനിപ്പിക്കുന്നു: ഇതാ, ഒരു ദൂതനെ നിനക്കു മുൻപേ ഞാൻ അയക്കുന്നു. അവൻ നിന്റെ വഴിയിൽ നിന്നെ കാത്തുകൊള്ളും; ഞാൻ ഒരുക്കിയിരിക്കുന്ന സ്ഥലത്തേക്കു നിന്നെ കൊണ്ടുവരികയും ചെയ്യും. പുറപ്പാടിൽ, വാഗ്ദത്ത ദേശമായിരുന്നു പരാമർശം. പുതിയ നിയമത്തിൽ, വാഗ്ദാനങ്ങളുടെ പൂർത്തീകരണത്തിൽ, വാഗ്ദത്തഭൂമി മുഴുവൻ ഭൂമിയായിത്തീരുന്നു, പുതിയ ആകാശവും പുതിയ ഭൂമിയും ആയി അത് പുനർനിർമ്മിക്കപ്പെടുന്നു.

യോഹന്നാൻ സുവിശേഷത്തിൽ രക്ഷയുമായി ബന്ധപ്പെട്ട ക്രിസ്തുവിന്റെ പരാമർശങ്ങൾ പലതും യഹൂദ വിവാഹത്തിലെ സമ്പന്നമായ പ്രതീകങ്ങളുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു. യഹൂദ വിവാഹങ്ങൾക്ക് മൂന്നു ഘട്ടങ്ങളാണ് ഉള്ളത്: വിവാഹ ഉടമ്പടി, വിവാഹത്തിന്റെ പൂർത്തീകരണം, വിവാഹ ആഘോഷം.

വിവാഹ നിശ്ചയത്തിന് ശേഷം പരമാവധി ഏഴു വർഷത്തോളം വരന് ഉടമ്പടി പ്രകാരമുള്ള ഒരുക്കത്തിന് സമയമുണ്ട്. ഈ കാലയളവിലാണ് അവൻ തങ്ങളുടെ ഭവനവും പറഞ്ഞുറപ്പിച്ച സ്ത്രീധനവും ഒരുക്കുന്നത്. വിവാഹനിശ്ചയച്ചടങ്ങിന്റെ അവസാനത്തിൽ യാത്ര പറയുന്നതിന്റെ ഭാഗമായി നിയുക്ത വരൻ വധുവിനോട് നടത്തുന്ന പ്രഖ്യാപനം ശ്രദ്ധേയമാണ്: ഞാൻ നിനക്കായി സ്ഥലം ഒരുക്കാൻ പോകുന്നു. അത് ഒരുക്കി കഴിയുമ്പോൾ നിന്നെ കൊണ്ടുപോകാനായി ഞാൻ തിരികെയെത്തും. നിങ്ങൾക്ക് സ്ഥലം ഒരുക്കാൻ പോകുന്നു... ഞാൻ വീണ്ടും വന്ന് നിങ്ങളെയും കൂട്ടിക്കൊണ്ടുപോകും എന്ന യേശുവിന്റെ വാക്കുകൾ യഹൂദ വിവാഹത്തിന്റെ പശ്ചാത്തലത്തിലാണ് മനസ്സിലാക്കേണ്ടത്. വിവാഹത്തിന്റെ രണ്ടാം ഘട്ടമായി കൂട്ടിക്കൊണ്ടു പോകാൻ വരുന്നതിനെ പറ്റിയുള്ള ധ്വനിയും ഇവിടെ നാം കാണുന്നു.